## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1325** **15.6.2012-ൽ മറുപടിക്ക്**

### മാലിന്യമുക്ത കേരളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യമുക്ത കേരളവും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയും നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചു കൊണ്ട് ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ 2011 ഒക്ടോബർ മാസം 2 മുതൽ 1 വർഷകാലത്തേക്ക് ഒരു ജനകീയ സംഭവമായി സംഘടിപ്പിച്ചു വരികയാണ്. ജലസ്രോതസ്സുകളിലെ മാലിന്യ നിർമ്മാർജ്ജനവും, ഈ കാമ്പയിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. കൂടാതെ സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണ സംവിധാനം ശക്തമാക്കുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃത രീതിയിലുളള മാലിന്യ നിർമ്മാർജ്ജന രീതിയാണ് പ്രധാനമായും സർക്കാർ പ്രോത്സാഹിപ്പിച്ചു വരുന്നത്. സമ്പൂർണ്ണ ശുചിത്വം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നതിലേക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ വേണ്ട സാങ്കേതിക സഹായവും, |

ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നല്കി വരുന്നു. മാലിന്യങ്ങൾ ഉൽഭവസ്ഥാനത്തു തന്നെ വിശേഷിച്ച് ജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഊന്നൽ നല്കിയാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് പദ്ധതികൾ തയ്യാറാക്കി വരുന്നത്. ഇതിന്റെ ഭാഗമായി വീടുകളിലും സ്ഥാപന ങ്ങളിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾക്ക് 75% വരെ സബ്സിഡി തദ്ദേശ സ്വയം ഭരണ വകുപ്പ് സ്ഥാപനങ്ങ ളും ശുചിത്വ മിഷനും സംയുക്തമായി നല്കിവന്നിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതിനുള്ള സബ്സിഡി 90% മായി ഉയർത്തിയിട്ടുണ്ട്.

ബി) പ്രസ്തുത പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കുമോ ; എത്ര തുക ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ ചെലവഴിക്കു ന്നതിന് നഗരസഭകൾക്ക് സർക്കാർ നൽകുന്ന തുകയും സഹായവും എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ ?

ബി) 2012-13 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉറവിട മാലിന്യ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി നഗരസഭകൾക്ക് 75 കോടി രൂപയും ഗ്രാമ പഞ്ചായത്തുകൾക്ക് 25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ മാലിന്യ മുക്ത കേരളം പദ്ധതിയുടെ ബോധവൽക്ക രണം പദ്ധതിക്കായി 1.05 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവയുടെ നടത്തി പ്പിലേക്കായി ആവശ്യമായ പദ്ധതികൾക്ക് രൂപ കൽപ്പന നല്കി വരുന്നു.

സെക്ഷൻ ഓഫീസർ